**ഗ്രാമന്യായാലയക്കോടതി, വെള്ളനാട്**
**ഹാജർ : അപർണ സുകുമാരൻ, ന്യായാധികാരി**
**2025 ആഗസ്റ്റ് 30-ാം തീയതി**
**സി.എം.പി 737/2024 എം.സി. 32/2024**

ഹർജികക്ഷികൾ : 1. ഹാജ.എസ്, വയസ്സ് 35, S/o ഷാഹുൽ ഹമീദ്,
തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ,
തിരുവനന്തപുരം.
2. ഖദീജ ബീവി, വയസ്സ് 60,
തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ,
തിരുവനന്തപുരം.
**(വക്കീൽ :- സതീഷ് ബാബു.എസ്)**

എതിർകക്ഷി : ഷിംന.ആർ, വയസ്സ് 33, D/o അബൂബക്കർ,
തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ,
തിരുവനന്തപുരം.
**(വക്കീൽ :- ബിജു.എച്ച്)**

വകുപ്പ് : ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, വകുപ്പ് 25(2) സെക്ഷൻ 151 CPC അനുസരിച്ചുള്ളതാണ്.

## ഉത്തരവ്

ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, വകുപ്പ് 25(2) സെക്ഷൻ 151 CPC അനുസരിച്ചുള്ളതാണ്.

1. ഹർജിയുടെ ചുരുക്കം:- ടി നമ്പർ കേസിൽ രണ്ടാം എതിർകക്ഷിയാണ് താൻ. ടി നമ്പർ കേസിലെ ഒന്നാം എതിർകക്ഷിയായ തന്റെ മകൻ ഇപ്പോൾ സൗദി അറേബ്യയിൽ ജോലി ചെയ്തുവരികയാണ്. ടി നമ്പർ കേസിലെ ഹർജിക്കാരി ബഹുമാനപ്പെട്ട കോടതിയെ തെറ്റിദ്ധരിപ്പിച്ച് തങ്ങളുടെ ഭാഗം കേൾക്കാതെ ഹർജിക്കാരിക്ക് താനും തന്റെ ഭർത്താവും താമസിച്ചിരുന്ന വീട്ടിൽ ഒരു റെസിഡൻസ് ഓർഡർ വാങ്ങി തങ്ങൾ ഇല്ലാതിരുന്ന സമയം താക്കോൽ അടിച്ചു പൊളിച്ച് വീട്ടിനകത്തു കയറി താമസിച്ചിരുന്നതും രണ്ടു ദിവസം കഴിഞ്ഞ് മടങ്ങി പോയിട്ടുള്ളതുമാകുന്നു. ടി ഉത്തരവിന്റെ മറവിൽ വ്യാജമായി വിതുര പോലീസ് സ്റ്റേഷനിൽ തന്നേയും ഭർത്താവിനേയും മകനേയും പ്രതിയാക്കി ഒരു വ്യാജകേസ് കൊടുക്കുകയും ഒരു 498 A

കേസ് എടുത്തിട്ടുള്ളതുമാകുന്നു. വൃദ്ധരായ താനും 72 വയസ്സുള്ള തന്റെ ഭർത്താവും നിത്യരോഗികളാണ്. സ്വന്തം വീട്ടിൽ നിന്ന് പോലീസ് ഇറങ്ങാൻ ആവശ്യപ്പെട്ടതിനെതുടർന്ന് മറ്റ് വീടുകളൊന്നുമില്ലാത്ത തങ്ങൾ കുറച്ചു ദിവസം വാടകയ്ക്ക് വീടെടുത്തു താമസിച്ചു. ഹർജിക്കാരിയുടെ ബന്ധുക്കൾ ഗൂഢാലോചന നടത്തി തന്റെ ഭർത്താവിനെ ആക്രമിക്കുകയും തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടിയിടിട്ടുള്ളതുമാകുന്നു. തങ്ങളുടെ വീട്ടിൽ നിന്ന് പെട്ടെന്ന് അടിച്ചിറക്കി വിട്ടതിനാൽ യാതൊരുവിധ സ്ഥാവരജംഗമ വസ്തുക്കളും എടുക്കാനും സാധിച്ചിട്ടില്ല. ഹർജിക്കാരിക്ക് സ്വന്തമായി പാർപ്പിടവും സ്വത്തും ഉള്ളതുമാണ്. 2013-ൽ ടി വീട്ടിൽ നിന്നും സ്വമേധയാ തന്റെ മകനെ ഉപേക്ഷിച്ചുപോയ ഹർജിക്കാരി 2024-ൽ ടി ഓർഡർ വാങ്ങിയാണ് തിരികെ വന്ന് വീട് അടിച്ചുപൊട്ടിച്ചു കയറിയത്. 68 വയസ്സ് കഴിഞ്ഞ തനിക്കും 72 വയസ്സ് കഴിഞ്ഞ തന്റെ ഭർത്താവിനും ടി വീട്ടിൽ കയറി താമസിക്കാൻ അനുവദിക്കണമെന്നും തങ്ങളുടെ ജീവിതസമ്പാദ്യങ്ങളും സ്വർണവും പണവും പ്രമാണങ്ങളും വസ്തുങ്ങളും എല്ലാം എടുത്തുകൊണ്ടുപോയത് തിരികെ നൽകി ഉത്തരവുണ്ടാകാനാണ് ഈ ഹർജി ഫയൽ ചെയ്തത്.

2. ഹർജിക്കാരി വിവാഹശേഷം 11 വർഷമായി തന്റെ ഭർത്താവിന്റെ വീട്ടുകാരോടൊപ്പം കുടുംബവീട്ടിലാണ് താമസിച്ചുവരുന്നത്. രണ്ടാം എതിർകക്ഷിയുടെ മകനെ സ്നേഹിച്ചു, വീട്ടുകാരുമായി ആലോചിച്ചുറപ്പിച്ചു വിവാഹം കഴിച്ചു എന്ന കുറ്റത്തിന് 11 വർഷക്കാലമായി രണ്ടാം എതിർകക്ഷി പലതരത്തിലും വളരെനിന്ദ്യവും ക്രൂരമായ രീതിയിലുള്ള പീഡനമുറകളാണ് തന്നിൽ നടത്തിവരുന്നത്. രണ്ടാം എതിർകക്ഷിയുടെ ഭർത്താവും, തന്റെ ഭർത്താവായ ഒന്നാം എതിർകക്ഷിയും രണ്ടാം എതിർകക്ഷിയുടെ നിയന്ത്രണത്തിലും ശാസനയിലുമാണ് ജീവിതം നയിക്കുന്നത്. രണ്ടാം എതികക്ഷി ടിയാളുടെ ഭർത്താവിന്റേയും ഒന്നാം എതികക്ഷിയുടേയും ഒത്താശയോടെ തന്നെ ഉപദ്രവിച്ചതിൽ വച്ചു നെടുമങ്ങാട് ഫോറസ്റ്റ് കോടതിയിൽ ക്രിമിനൽ കേസ് നടന്നുവരുന്നതാകുന്നു. അതേ തുടർന്നുള്ള വാശിയിൽ തന്റെ ഭർത്താവിനെ ഗൾഫിലേക്ക് നാടുകടത്തി. പ്രൊട്ടക്ഷൻ ഉത്തരവ് നേടിയിട്ടുള്ള വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട് തന്റെ ഭർത്താവിന്റെ ജ്യേഷ്ഠന്റെ പേരിൽ ആണെങ്കിലും ആയത് കുടുംബവീടുമാണ്. ഇപ്പോൾ തലചായ്ക്കാൻ മറ്റൊരിടമില്ലാത്തതിനാൽ ഗതികേട് കൊണ്ടാണ് ടി വീടിന്റെ പിൻഭാഗത്തുള്ള പഴയ ഇടിഞ്ഞുപൊളിഞ്ഞ അടച്ചുറപ്പില്ലാത്ത വീട്ടിൽ താൻ കഴിയുന്നത്. ഹർജിക്കാരിക്ക്

പാർപ്പിട ഉത്തരവുള്ള വീട്ടിൽതന്നെയാണ് എതിർകക്ഷികൾ ഇപ്പോഴും താമസിച്ചു വരുന്നത്. ആയതിനാൽ ടി ഹർജിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ കാര്യങ്ങളും കളവും കെട്ടിച്ചമച്ചതുമാണെന്നും ടി ഹർജിയിലെ എതികക്ഷി ആക്ഷേപത്തിൽ പറയുന്നു. ആയതിലേക്കായി റിക്കോർഡുകളുടെ പകർപ്പുകളും എതിർഭാഗം ആക്ഷേപത്തോടൊപ്പം ഹാജരാക്കി.

3. ഇരുഭാഗം വാദം കേട്ടു.

4. താഴെ പറയുന്ന പോയിന്റുകൾ പരിഗണനക്കായി എടുത്തു.

i. രണ്ടാം ഹർജിക്കാരി ആവശ്യപ്പെട്ടതുപോലെ വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട്ടിൽ കയറി താമസിക്കാനുള്ള ഉത്തരവിന് അർഹതയുണ്ടോ?

ii. രണ്ടാം ഹർജിക്കാരിയുടേയും ഭർത്താവിന്റേയും ജീവിതസമ്പാദ്യങ്ങളും സ്വർണ്ണവും പണവും പ്രമാണങ്ങളും വസ്തുങ്ങളും എടുത്തു കൊണ്ടുപോയത് തിരികെ കിട്ടാനുള്ള ഉത്തരവിന് അർഹതയുണ്ടോ?

iii. ഉത്തരവുകളും ചിലവുകളും?

5. 1 -ാം പോയിന്റ് :- രണ്ടാം എതിർകക്ഷിക്കും ഭർത്താവിനും വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട്ടിൽ കയറി താമസിക്കാൻ അനുവദിക്കുന്നതിനാണ് ടി ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ഹർജിക്കാരിക്ക് പാർപ്പിട ഉത്തരവുള്ള വീട്ടിൽതന്നെയാണ് എതിർകക്ഷികൾ ഇപ്പോഴും താമസിച്ചു വരുന്നത് എന്ന് ടി ഹർജിയിലെ എതികക്ഷി ആക്ഷേപത്തിൽ പറയുന്നു. 31..05..2024-ാം തീയതിയിലെ ടി കോടതിയുടെ ഉത്തരവുപ്രകാരം ഹർജിക്കാരിക്ക് സംരക്ഷണത്തിനും പാർപ്പിടത്തിനും ഉത്തരവായിരുന്നു. ഈ ഉത്തരവുപ്രകാരം ഹർജിക്കാരി താമസിച്ചു വരുന്ന വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട്ടിൽ നിന്നും ഹർജിക്കാരിയെ പുറത്താക്കുകയോ അവിടെ അവരുടെ സ്വൈര്യജീവിതത്തെ തടസ്സപ്പെടുത്തുന്നതിൽ നിന്നും എതിർകക്ഷികളെ വിലക്കി ഉത്തരവായിരുന്നു. ടി ഉത്തരവ് പരിഷ്കരിക്കുന്നതിനും എതിർകക്ഷികൾക്ക് ടി വീട്ടിൽ താമസിക്കുന്നതിനുള്ള അനുവാദത്തിനുമായാണ് എതിർകക്ഷികൾ ടി ഹർജി ഫയൽ ചെയ്തിരിക്കുന്നത്. CMP.538/2024- ലെ എക്സ്പാർട്ടി ഉത്തരവുപ്രകാരമാണ് ഹർജിക്കാരിക്ക് സംരക്ഷണ ഉത്തരവും പാർപ്പിട ഉത്തരവും ഇടക്കാല ഉത്തരവായി

ലഭിച്ചിരിക്കുന്നത്. ടി ഉത്തരവ് പരിശോധിച്ചതിൽ നിന്നും ഹർജിക്കാരിയെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കരുതെന്നും പങ്കിട്ടു പാർത്ത വീട്ടിൽ നിന്നും ഇറക്കി വിടരുതെന്നും ഹർജിക്കാരിയുടെ സ്വൈര്യജീവിതത്തെ തടസ്സപ്പെടുത്തരുതെന്നുമാണ് കാണുന്നത്. ടി ഉത്തരവിൽ എവിടേയും എതിർകക്ഷികൾ ടി വീട്ടിൽ പ്രവേശിക്കരുതെന്നോ അവിടെ ജീവിക്കരുതെന്നോ വിലക്കി ഉത്തരവുള്ളതായി കാണുന്നില്ല. ആയതിനാൽ എതിർകക്ഷികൾക്ക് ടി വീട്ടിൽ പ്രവേശിക്കുന്നതിനോ ഹർജികക്ഷിയുടെ സ്വൈര്യജീവിതത്തെ തടസ്സപ്പെടുത്താതെ അവിടെ ജീവിക്കുന്നതിന് വിലക്കുള്ളതായി കാണുന്നില്ല. ആയതിനാൽ CMP.538/2024-ന്റെ വാദം കേൾക്കാതെ ടി ഓർഡർ പരിഷ്ക്കരിക്കേണ്ട ആവശ്യമില്ല എന്നു കാണുന്നു. അതിനോടൊപ്പം തന്നെ എതിർകക്ഷികൾക്ക് ടി വീട്ടിൽ പ്രവേശിക്കാൻ വിലക്കില്ല എന്നു കാണുന്നു. ആയതിനാൽ എതിർകക്ഷികൾക്ക് ഹർജിക്കാരിയുടെ സ്വൈര്യ ജീവിതത്തെ തടസ്സപ്പെടുത്താതെ ടി വീട്ടിൽ താമസിക്കാൻ അർഹതയുണ്ട്. ഹർജിക്കാരി ഇതിന് തടസ്സം നിൽക്കുവാനോ വിലക്ക് ഏർപ്പെടുത്താനോ പാടില്ല. ടി വീടിന്റെ താക്കോൽ ഇരുകൂട്ടരുടേയും കൈവശം വയ്ക്കാവുന്നതാണ്.

6. 2 -ാം പോയിൻറ് :- രണ്ടാം എതിർകക്ഷിയുടേയും ഭർത്താവിന്റേയും ജീവിതസമ്പാദ്യങ്ങളും സ്വർണ്ണവും പണവും പ്രമാണങ്ങളും വസ്തുക്കളും എടുത്തു കൊണ്ടുപോയത് തിരികെ കിട്ടുന്നതിനുവേണ്ടിയാണ് ടി ഹർജി ഫയൽ ചെയ്തിരിക്കുന്നത്. എന്നാൽ എതിർകക്ഷികളുടെ നിരന്തരമായ ഉപദ്രവം കാരണം ടി വീടിന്റെ പിൻഭാഗത്തുള്ള പഴയ ഇടിഞ്ഞുപൊളിഞ്ഞ അടച്ചുറപ്പില്ലാത്ത വീട്ടിൽ താൻ കഴിയുന്നത് . എതിർകക്ഷികളുടെ ടി വക സാധനങ്ങൾ ഒന്നും തന്നെ എടുത്തുകൊണ്ടു പോകേണ്ട ആവശ്യവുമില്ല എന്നും ഹർജിക്കാരി ആക്ഷേപത്തിൽ പറയുന്നു. അതുമാത്രമല്ല, തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കേസിന്റെ ടി ഘട്ടത്തിൽ ടി പോയിന്റിന് ഒരു തീരുമാനം ഉണ്ടാകുന്നതല്ല.

മേൽ പറഞ്ഞ പോയിൻ്റിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കല്പനയായിരിക്കുന്നു.

(1) എതിർകക്ഷികൾക്ക് വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട്ടിൽ പ്രവേശിക്കാൻ വിലക്കില്ല. ആയതിനാൽ

31..05..2024-ാം തീയതിയിലെ ഓർഡർ പുനപരിശോധിക്കേണ്ട ആവശ്യം നിലവിലില്ല.

(2) ഹർജിക്കാരിക്കും എതിർകക്ഷികൾക്കും പരസ്പര ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ വിതുര ആനപ്പാറ വാർഡ് 6 ൽ 254-ാം നമ്പർ വായകഞ്ചി തടത്തരികത്തുവീട്ടിൽ താമസിക്കാൻ അർഹതയുണ്ടെന്നു കാണുന്നു.

(ഞാൻ പറഞ്ഞു കൊടുത്തതുപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2025 ആഗസ്റ്റ് മാസം 30-ാം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ ഉത്തരവ് പറഞ്ഞിട്ടുള്ളതാണ്)

sd/-
ന്യായാധികാരി

//ശരിപ്പകർപ്പ്//

ന്യായാധികാരി

Copy of Order in CMP 737/2024 in M.C 32/2024
Dated: 30..08..2025
***************************************************